**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.**6438** 21.11.2019 -ൽ മറുപടിയ്ക്ക്.

**<u>ആധാരം രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നടപടികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ജി.സുധാകരൻ** (**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**) |

| | | | |
|---|---|---|---|
| (എ) | ഒറിജിനൽ മുന്നാധാരമില്ലാതെയും പ്രധാനകക്ഷികളെ അറിയിക്കാതെയും മേജർ ഷെയറുള്ള കക്ഷിയെ വിവരങ്ങൾ ധരിപ്പിക്കാതെയും ഒരാളുടെ പേരിൽ അവകാശം ലഭിക്കുന്നതും സാക്ഷികൾ വ്യാജവുമായ ആധാരം രജിസ്ട്രേഷൻ ആക്ട് എൺപത്തിമൂന്ന് -എ പ്രകാരം റദ്ദ് ചെയ്യാൻ വകുപ്പിന് അധികാരമുണ്ടോ; | (എ) | ഇല്ല. ആൾമാറാട്ടം വഴി രജിസ്റ്റർ ചെയ്ത ആധാരങ്ങളും, നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്റ്റർ ചെയ്ത് സർക്കാർ ഭൂമി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട ആധാരങ്ങളുമാണ് 1908 ലെ രജിസ്ട്രേഷൻ നിയമം എൺപത്തിമൂന്ന് (എ) വകുപ്പ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിന് റദ്ദ് ചെയ്യാൻ കഴിയുന്നത്. |
| (ബി) | പ്രധാന അവകാശികൾ സ്ഥലത്ത് ഉണ്ടായിട്ടും അയാളെ അറിയിക്കാതെ അയാൾ സ്ഥലത്തില്ല എന്ന് ആധാരത്തിൽ എഴുതിച്ചേർത്ത് ഭാഗാധാരം നടത്തിയ നടപടിയിൽ പ്രധാനകക്ഷി തന്നെ ആർക്കാണ് പരാതി നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ വിഷയത്തിനുള്ള പരിഹാരം കോടതി വ്യവഹാരം വഴി സാദ്ധ്യമാകുന്നതാണ്. |
| (സി) | പ്രധാന ഭാഗാധാര കക്ഷി കബളിപ്പിക്കപ്പെടുകയും ആധാരം രജിസ്ട്രേഷൻ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാതെയും നടത്തുന്ന ഭാഗാധാരങ്ങൾക്ക് നിയമപരമായി സാധുതയുണ്ടോ എന്നറിയിക്കാമോ; | (സി) | ആധാരത്തിന്റെ നിയമസാധുത പരിശോധിക്കുന്നതിനുള്ള അധികാരം ഉചിതമായ സിവിൽ കോടതിക്കാണ്. |
| (ഡി) | ഇത്തരം പരാതികൾ പരിഹരിക്കുന്നതിനും മുതിർന്ന പൗരൻമാരെ കബളിപ്പിക്കുന്നത് | (ഡി) | മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിന് Maintenance and |

| | | | |
|---|---|---|---|
| | പരിഹരിക്കാനും എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ? | | welfare of Parents and senior citizen Act 2007 പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുൻപാകെ പരാതി നൽകി പരാതി പരിഹാര നടപടി സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**